LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ ജലക്ഷാമത്തിനു പരിഹാരമായി നടപ്പാക്കുന്ന പദ്ധതികൾ

*6 [36] ശ്രീ. വർക്കല കഹാർ:
" തിരുവഞ്ചൂർ രാധാകൃഷ്ണൻ:
" കെ. സി. ജോസഫ്:
" ടി. വി. ചന്ദ്രമോഹൻ:
" എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലക്ഷാമത്തിനു പരിഹാരമായി എന്തെല്ലാം പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നു;

(ബി) ഈ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ ആരംഭിച്ചു പൂർത്തിയാക്കുവാനുദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ എന്നേയ്ക്കു പൂർത്തിയാകും;

(ഡി) കുഴൽ കിണറുകളുടെ നിർമ്മാണം ജലക്ഷാമ പരിഹാരത്തിനുള്ള ദീർഘകാല നടപടിയാണെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) സംസ്ഥാനത്ത് അനുഭവപ്പെട്ടിരിക്കുന്ന ജലക്ഷാമം പരിഹരിക്കുന്നതിനായി ഹ്രസ്വകാല പദ്ധതികളും ദീർഘകാല പദ്ധതികളുമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഹ്രസ്വകാല പദ്ധതികളായി ഓരോ ജില്ലയിലേയും ജില്ലാ കളക്ടർമാർ അദ്ധ്യക്ഷനായിട്ടുള്ള മോണിറ്ററിംഗ് കമ്മിറ്റികൾ തെരഞ്ഞെടുത്ത പദ്ധതികളാണ് ഏറ്റെടുത്തു നടപ്പിലാക്കി വരുന്നത്. ഈ പദ്ധതിയിലൂടെ നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ അത്യാവശ്യ റിപ്പയർ വർക്കുകൾ, താൽക്കാലിക തടയണകൾ, സ്ഥിരം തടയണകൾ, ഡൈവർഷൻ വിയറുകൾ എന്നിവയാണ് ചെയ്തുവരുന്നത്. മഴവെള്ളശേഖരണ പദ്ധതികൾ പ്രചരിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഭൂജലവകുപ്പു മുഖേന രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയും, ഭൂഗർഭജല പരിരക്ഷയും, ആർട്ടിഫിഷ്യൽ റീ ചാർജ്ജും നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്.

(സി) ഓരോ ജോലിയ്ക്കും കാലാവധി നിശ്ചയിച്ചിട്ടുണ്ട്. മിക്കവാറും ജോലികൾ പൂർത്തിയായി കഴിഞ്ഞു.

(ഡി) ഉണ്ട്. ഭൂജല വകുപ്പിന്റെ മേൽ നോട്ടത്തിൽ ഭൂജലസർവ്വേ നടത്തി ഭൂജലവകുപ്പ് നിർമ്മിക്കുന്ന കിണറുകൾ ജലക്ഷാമ പരിഹാരത്തിനുള്ള ഒരു സ്ഥിരം സംവിധാനമാണ്.

വ്യാജ ചാരായ വാറ്റ് നിയന്ത്രിക്കാൻ നടപടി

*7 [37] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാരായ നിരോധനം ഏർപ്പെടുത്തിയ സംസ്ഥാനത്ത് വൻതോതിൽ വ്യാജ ചാരായം ഉൽപ്പാദിപ്പിക്കുകയും വിറ്റഴിക്കുകയും ചെയ്യുന്നതായും തന്മൂലം പലവിധ സാമൂഹ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;